**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6689** **21-03-2023 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലകളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലോകോത്തര നിലവാരത്തിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്ന വിനോദസഞ്ചാര മേഖലകൾ/സ്ഥലങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെ ലോകോത്തര നിലവാരത്തിൽ ഉയർത്തുന്നതിന് വൈവിധ്യമാർന്ന പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട് . ഇതിന്റെ ആദ്യ പടിയായി കോവളം ടൂറിസം കേന്ദ്രത്തിന്റെ വികസനത്തിനുള്ള രൂപ രേഖ തയ്യാറാക്കി കഴിഞ്ഞു. കോവളത്തിന്റെ അടിസ്ഥാന സൗകര്യവും ടൂറിസം ആക്ടിവിറ്റി സെന്ററുകളും മെച്ചപ്പെടുത്തുന്നതാണ് പദ്ധതി. 93 കോടി രൂപയുടെ പദ്ധതിയ്ക്ക് മന്ത്രിസഭായോഗം അംഗീകാരം നൽകിയിട്ടുണ്ട് . കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത് .<br><br>കുമരകം, ബേപ്പൂർ എന്നീ ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കുന്നതിന് സ്വദേശിദർശൻ 2.0 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് . ഇതോടൊപ്പം പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങൾ ടൂറിസം ഹബ്ബുകളായി വികസിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ട് . സംസ്ഥാനത്തിന്റെ ടൂറിസം സാധ്യത പ്രയോജനപ്പെടുത്തുന്നതിന് ടൂറിസം ഇടനാഴി രൂപീകരിക്കാനുള്ള നിർദ്ദേശം 2023-24 ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് .<br><br>നിലവിലുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ് ലെറ്റ് ബ്ലോക്കുകളുടെ നിർമ്മാണം വകുപ്പ് നടപ്പിലാക്കി വരുന്നു . ഇതു പ്രകാരം ബേക്കൽ, കാരാപ്പുഴ, പൂക്കോട് , കോഴിക്കോട് ഭട്ട് റോഡ് എന്നിവിടങ്ങളിൽ ടി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് . വർക്കലയിലെ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ് . ശംഖുമുഖം , കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു . |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത സ്ഥലങ്ങളിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ